"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയുടെ 29/06/2022 ലെ 19-ാം നമ്പർ തീരുമാനം താത്കാലികമായി സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2731/2022/LSGD തീയതി,തിരുവനന്തപുരം, 08-11-2022

---

പരാമർശം:-

1. തൃക്കാക്കര നഗരസഭാ കൗൺസിലിന്റെ 29/06/2022 ലെ 19-ാം നമ്പർ തീരുമാനം.
2. തൃക്കാക്കര നഗരസഭാ സെക്രട്ടറിയുടെ 10/08/2022 ലെ സി1-108/2021 നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടറുടെ 18/10/2022 ലെ എൽ - 8572/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃക്കാക്കര നഗരസഭയിലെ 27-ാം വാർഡിൽ 27/2158 കെട്ടിടത്തിൽ ലിറ്റിൽ ബ്രിട്ടൺ എന്ന പേരിൽ പ്രീ സ്കൂൾ തുടങ്ങുന്നതിനായി 05/03/2022 ൽ ശ്രീമതി. യൂഫി പോൾ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച് ആലപ്പാട്ട് റസിഡൻസ് / ഓണേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത ബഹു. ഹൈക്കോടതിയിലെ WP(C) No. 9619/2022 നമ്പർ കേസിലെ 23/03/2022 ലെ വിധിന്യായ പ്രകാരം കക്ഷികളെ നേരിൽ കേട്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27/2158 നമ്പർ കെട്ടിടത്തിൽ പ്രീ സ്കൂൾ തുടങ്ങുന്നതിന് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ പ്രകാരം 08/04/2022 ന് നഗരസഭാ സെക്രട്ടറി ഉത്തരവ് നൽകിയിരുന്നു. ടി ഉത്തരവ് റദ്ദ് ചെയ്യുന്നതിനും കെട്ടിടത്തിന്റെ തരം മാറ്റി ലൈസൻസ് അനുവദിച്ചാൽ ആയത് കോളനിയിലെ താമസക്കാരുടെ സ്വൈര്യ ജീവിതത്തെ ബാധിക്കുവാൻ സാധ്യതയുള്ളതിനാൽ ആയത് അനുവദിക്കേണ്ടതില്ലായെന്ന് പരാമർശം (1) പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനിക്കുകയുണ്ടായി. ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം നഗരസഭ സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതായതിനാൽ കൗൺസിൽ തീരുമാനത്തിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ആയത് പരാമർശം (2) പ്രകാരം സർക്കാർ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് ലംഘനങ്ങളുടെ അപ്പീൽ അധികാരി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ ആണെന്നും ആയതിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിന് നഗരസഭ കൗൺസിലിന് അധികാരമില്ലാത്തതാണെന്നും

പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരമാണ് നഗരസഭ സെക്രട്ടറി ഹിയറിംഗ് നടത്തി ഉത്തരവ് നടപടി പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിൻമേലുള്ള അപ്പീൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുൻപാകെയാണ് സമർപ്പിക്കേണ്ടിയിരുന്നതെന്നും തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃക്കാക്കര നഗരസഭയുടെ 29/06/2022 ലെ 19-ാം നമ്പർ തീരുമാനം കേരള മുനിസിപ്പാലിറ്റി ആക്ട് 57 (4)-ാം വകുപ്പ് പ്രകാരം താത്കാലികമായി സ്റ്റേ ചെയ്തുകൊണ്ടും കേരള മുനിസിപ്പാലിറ്റി ആക്ട് 57 (2) (1)-ാം വകുപ്പ് അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം. (അനുബന്ധ രേഖകൾ സഹിതം)
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം.
3. സെക്രട്ടറി, തൃക്കാക്കര നഗരസഭ, എറണാകുളം.
4. ചെയർപേഴ്സൺ, തൃക്കാക്കര നഗരസഭ, എറണാകുളം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ഐ. & പി.ആർ. വെബ് ന്യൂ മീഡിയ.
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ആർസി3/366/2022/തസ്വഭവ)

*ഉത്തരവിൻ പ്രകാരം*

**Signed by Pradeesh M**
**Date: 08-11-2022 12:27:32**

*സെക്ഷൻ ഓഫീസർ*